# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഓഗസ്റ്റ് 9**

---

### ഓണേഴ്സ് ബിരുദ പ്രവേശനം; സമയപരിധി നീട്ടി

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനത്തിനുള്ള സമയപരിധി ഓഗസ്റ്റ് 24 വരെ നീട്ടി. മെറിറ്റ് ക്വാട്ടയിലേക്ക്(രണ്ടാം ഘട്ടം) റാങ്ക് ലിസ്റ്റ് വഴിയുള്ള പ്രവേശനത്തിന് ഓഗസ്റ്റ് 12 വരെ അപേക്ഷിക്കാം.

റാങ്ക് ലിസ്റ്റ് ഓഗസ്റ്റ് 13ന് പ്രസിദ്ധീകരിക്കും. റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലുള്ള പ്രവേശനം ഓഗസ്റ്റ് 13 മുതൽ 17 വരെ കോളജുകളിൽ നടക്കും.
(പി.ആർ.ഒ/39/719/2024)

### ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ്

അഫിലിയേറ്റഡ് കോളജുകളിലെ ഓണേഴ്സ് ബിരുദ പ്രവേശനത്തിന്റെ ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ഓഗസ്റ്റ് 16ന് വൈകുന്നേരം നാലിനു മുൻപ് സ്ഥിരമായോ താത്കാലികമായോ പ്രവേശനം നേടണം. ഈ സമയപരിധിക്കുള്ളിൽ പ്രവേശനം നേടാത്തവരുടെ അലോട്ട്മെന്റ് റദ്ദാകും.
(പി.ആർ.ഒ/39/720/2024)

### പി.ജി പ്രവേശനം;ഫൈനൽ അലോട്ട്മെന്റ് ഒന്നാം ഘട്ട റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ ഏകജാലക സംവിധാനം വഴി പ്രവേശനത്തിനുള്ള അന്തിമ അലോട്ട്മെന്റിന്റെ ആദ്യ ഘട്ട റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ലിസ്റ്റിൽ ഉൾപ്പെട്ടവർ കോളജുകളുമായി ബന്ധപ്പെട്ട് ഓഗസ്റ്റ് 13ന് വൈകുന്നേരം നാലിനു മുൻപ് പ്രവേശനം നേടണം.
(പി.ആർ.ഒ/39/721/2024)

### പരിശീലന പരിപാടി നടത്തി

ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുമായി ബന്ധപ്പെട്ട് മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിലെ അധ്യാപകേതര ജീവനക്കാർക്കായി കോളജ് ഡവലപമെന്റ് കൗൺസിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. സർവകലാശാലാ അസംബ്ലി ഹാളിൽ സിൻഡിക്കേറ്റ് അംഗം ഡോ. ബിജു തോമസ് ഉദ്ഘാടനം ചെയ്തു.

രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ അധ്യക്ഷത വഹിച്ചു. പരീക്ഷാ കൺട്രോളർ

ഡോ. സി.എം. ശ്രീജിത്ത്, സെനറ്റ് അംഗങ്ങളായ ഡോ. എം.കെ. ബിജു, എം.എസ്. സുരേഷ്, സജി തോമസ്, കോളജ് ഡവലപ്മെന്റ് കൗൺസിൽ ഡയറക്ടർ ഡോ. പി.ആർ. ബിജു എന്നിവർ സംസാരിച്ചു.

സിൻഡിക്കേറ്റ് അംഗം ഡോ. എ.എസ്. സുമേഷ്, സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡവലപ്മെന്റ് സ്റ്റഡീസ് ഡയറക്ടർ ഡോ. പി.പി. നൗഷാദ്, ലിജിൻ പി. മാത്യു എന്നിവർ ക്ലാസെടുത്തു. വിവിധ കോളജുകളിൽനിന്നായി മുന്നൂറിലധികം ജീവനക്കാർ പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ...**
ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളുമായി ബന്ധപ്പെട്ട് അഫിലിയേറ്റഡ് കോളജുകളിലെ അധ്യാപകേതര ജീവനക്കാർക്കായി എം.ജി സർവകലാശാലയിൽ സംഘടിപ്പിച്ച പരിശീലന പരിപാടി സിൻഡിക്കേറ്റ് അംഗം ഡോ. ബിജു തോമസ് ഉദ്ഘാടനം ചെയ്യുന്നു.
(പി.ആർ.ഒ/39/722/2024)

## പരീക്ഷാ ഫലം

ഒന്നാം സെമസ്റ്റർ ത്രിവൽസര യൂണിറ്ററി എൽ.എൽ.ബി (യുണിറ്ററി 2023 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, ഫെബ്രുവരി 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 23 വരെ സമർപ്പിക്കാം

.........................

നാലാം സെമസ്റ്റർ എംഎസ്സി സ്പേസ് സയൻസ് പിജിസിഎസ്എസ് (2022 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, ഏപ്രിൽ 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 23 വരെ സമർപ്പിക്കാം

.........................

നാലാം സെമസ്റ്റർ എംഎസ്സി ഹോം സയൻസ് ബ്രാഞ്ച് 10 (എ) ചൈൽഡ് ഡെവലപ്മെന്റ്, ബ്രാഞ്ച് 10 (ഡി) ഫാമിലി ആന്റ് കമ്മ്യൂണിറ്റി സയൻസ് (ഏപ്രിൽ 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 23 വരെ സമർപ്പിക്കാം

(പി.ആർ.ഒ/39/723/2024)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്സി ഇൻ ബേസിക് സയൻസ് സ്റ്റാറ്റിസ്റ്റിക്സ് ( 2023 അഡ്മിഷൻ റെഗുലർ, 2021,2022 അഡ്മിഷനുകൾ ഇംപ്രൂവ്മെന്റ്, 2020 മുതൽ 2022 അഡ്മിഷനുകൾ സപ്ലിമെന്ററി ജൂൺ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 16ന് മാല്യങ്കര എസ്എൻഎം കോളജിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

.........................

രണ്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്സി ഇൻ ബേസിക് സയൻസ് കെമിസ്ട്രി ( 2023 അഡ്മിഷൻ റെഗുലർ, 2021,2022 അഡ്മിഷനുകൾ ഇംപ്രൂവ്മെന്റ്, 2020 മുതൽ 2022 അഡ്മിഷനുകൾ സപ്ലിമെന്ററി ജൂൺ 2024) പരീക്ഷയുടെ ഫിസിക്സ് കോംപ്ലിമെന്ററി പ്രാക്ടിക്കൽ പരീക്ഷ ഓഗസ്റ്റ് 30ന് വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

.........................
രണ്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്സി ഇൻ ബേസിക് സയൻസ് ഫിസിക്സ് ( 2023 അഡ്മിഷൻ റെഗുലർ, 2021, 2022 അഡ്മിഷനുകൾ ഇംപ്രൂവ്മെന്റ്, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ജൂൺ 2024) പരീക്ഷയുടെ കെമിസ്ട്രി കോംപ്ലിമെന്ററി പ്രാക്ടിക്കൽ പരീക്ഷ ഓഗസ്റ്റ് 13ന് പെരുമ്പാവൂർ മാർത്തോമാ കോളജ് ഫോർ വിമനിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/724/2024)

## വൈവ വോസി

നാലാം സെമസ്റ്റർ എംഎസ്സി ബയോസ്റ്റാറ്റിസ്റ്റിക്സ് (2022 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഏപ്രിൽ 2024) പരീക്ഷയുടെ പ്രൊജക്റ്റ് ആന്റ് വൈവാവോസി പരീക്ഷ ഓഗസ്റ്റ് 14ന് പാലാ സെന്റ് തോമസ് കോളേജിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/725/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**